# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് ഗ്രിഗോറിയസ് എൽ.പി.എസ് പുന്നക്കുളം |
| വിലാസം | : | സെന്റ് ഗ്രിഗോറിയസ് എൽ.പി.എസ് പുന്നക്കുളം, കെ.എസ്.പുരം |
| ഫോൺ | : | 8547564308 |
| സ്കൂൾ കോഡ് | : | 41227 |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | : | കരുനാഗപ്പള്ളി |
| റവന്യുജില്ല | : | കൊല്ലം |
| ബി.ആർ.സി | : | കരുനാഗപ്പള്ളി |
| സി.ആർ.സി | : | എസ്.എൻ.റ്റി.വി.എസ്.കെ.റ്റി.യു.പി.എസ് പുന്നക്കുളം |
| ഗ്രാമപഞ്ചായത്ത് | : | കുലശേഖരപുരം |
| ബ്ലോക്ക് പഞ്ചായത്ത് | : | ഓച്ചിറ |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | കരുനാഗപ്പള്ളി |
| ലോകസഭാ മണ്ഡലം | : | ആലപ്പുഴ |
| താലൂക്ക് | : | കരുനാഗപ്പള്ളി |
| വില്ലേജ് | : | ആദിനാട് |
| ഇ-മെയിൽ | : | hmstgregorios@gmail.com |

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം

## അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവ വൈവിധ്യ പാർക്ക്, രൂപരേഖ
2. മികവുകൾ, നേട്ടങ്ങൾ (നടപ്പു വർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം - മുൻവർഷങ്ങളിൽ
4. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

# അക്കാദമിക മാസ്റ്റർപ്ലാൻ

## സെന്റ് ഗ്രിഗോറിയസ് എൽ.പി.എസ് പുന്നക്കുളം

### ആമുഖം

പുതിയകാവ് പുന്നക്കുളം ഗ്രാമത്തിന്റെ ഐശ്വര്യമായ വിദ്യാലയമുത്തശ്ശി തലയെടുപ്പോടെ നിലകൊള്ളുന്നു. ഔദ്യോഗിക കണക്കുകൾ അനുസരിച്ച് 2022 ൽ 65 വർഷം പിന്നിട്ടെങ്കിലും, 100 വയസ്സിനു മേലെയെന്ന് അനുഭവസാക്ഷ്യം. സ്ഥാപിത കാലയളവിൽ ഏകദേശം മുന്നൂറ് വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരുന്ന ഈ സ്കൂളിൽ ക്രമേണ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്ന അവസ്ഥയുണ്ടായി. നഴ്സറി മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാണ്. മാനേജർ സ്കൂളിന് നൽകിയ കമ്പ്യൂട്ടറുകൾ 4 എണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. എം.എൽ.എ നൽകിയ രണ്ട് ലാപ്ടോപ്പും, ഐ.റ്റി@സ്കൂളിന് ലഭിച്ച അഞ്ച് ലാപ്ടോപ്പുകളും ഉണ്ട്. എങ്കിലും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഇനിയും പ്രാപ്തമാക്കേണ്ടതായിട്ടുണ്ട്. ഇതിനായി എല്ലാ സഹായസംവിധാനങ്ങളേയും ഏകോപിപ്പിക്കുന്നതിന് ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റി ഏകദേശ ധാരണ മാനേജ്മെന്റും പി.ടി.എയും കൂടി രൂപീകരിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കു.

3. എൽ.കെ.ജി മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അദ്ധ്യാപനവും, അദ്ധ്യയനവും സർഗ്ഗാത്മകവും രസകരമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## അവസ്ഥാ വിശകലനം

ഭൗതികം

വിദ്യാലയം തന്നെ പാഠപുസ്തകം എന്ന കാഴ്ചപ്പാടോടുകൂടി 2020-2022 വർഷത്തിൽ നടത്തിയ മേജർ മെയിന്റൻസിൽ ഭാഷ, ഗണിതം, ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് അടിസ്ഥാന ശേഷം വികസനത്തിനാവശ്യമായ രൂപകൽപനകൾ, ചിത്രങ്ങൾ ഇവ പ്രാപ്തമാക്കിയിട്ടുണ്ട്. ക്ലാസ്സ് മുറികൾ, ഓഫീസ് മുറി ഇവയുണ്ട്. എന്നാൽ സ്റ്റാഫ് റൂം സൗകര്യമില്ല. അടുക്കള പരിമിതമായ സൗകര്യത്തിൽ നിലനിൽക്കുന്നു. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പരിമിത സൗക ര്യങ്ങൾ നിലനിൽക്കുന്നു. കമ്പ്യൂട്ടർ റൂം, ലൈബ്രറി, മാലിന്യസംസ്കരണം, ലബോറട്ടറി മുതലായ സൗകര്യങ്ങൾ ഇനിയു പ്രാപ്തമാക്കേണ്ടതുണ്ട്.

പാഠ്യ പദ്ധതിയ്ക്കനുസരണമായ ശേഷി വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു. എങ്കിലു പോരായ്മകൾ നിലനിൽക്കുന്നു. കൂടാതെ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ മുതലായ പ്രവർത്തനങ്ങൾ പുരേ ഗമിക്കുന്നു.

സാമൂഹികം

സ്കൂൾ വികസന പ്രവർത്തനവുമായി സജീവമായി സഹകരിക്കുന്ന ഒരു പി.ടി.എ ആണ് നിലവിലുള്ളത്. മാതൃസ തികൾ സൗഹൃദപരമായ രീതിയിൽ മുന്നോട്ടുപോകുന്നു.

# ACADEMIC MASTER PLAN

## 2025-26

## STD -1

# ACADEMIC MASTER PLAN

**2025-2026**

**English**

Aims

- * Familiarise all students the English alphabets with their phonetics.
- * To make all students able to read and write small sentences.

| | |
|---|---|
| Letter Card | Teacher attempt to make a game. Firstly prepare some letter card includes English alphabets on cash ones. And students asked to pick what they like. Teacher adviced to read the alphabets loudly. After students do so, teacher should read each alphabets. During this activity teacher should notice the alphabets that are difficult to read them. |
| Alphabet Book | Each students asked to make an alphabet book of A, the students should |

| | |
|---|---|
| | collect words starts with A. And in the alphabet book B, the students have to collect words that start with B. After complete all books there will present in the class room. |
| Phonic Song | With the help of ICT teacher present a phonic song that express 'A' as 'a' sound with the help of the song students can acqire the style of pronounciation of all alphabets. It is not enough a single day presentation. To attain their objective teacher has to make a recuring presentation. |
| Join me | TeacherTeacher the strips that include alphabets in English. Then present some peictures and their names below for eg:  ..............pple The children asked to join the appropriate strip of word into this. This can execute as a game by using more pictures and words. |
| | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-26

**മലയാളം**

**ലക്ഷ്യങ്ങൾ**

* എല്ലാ കുട്ടികൾക്കും വളരെ ലളിതമായ ബാലസാഹിത്യ രചനകൾ (കുട്ടിക്കവിത, കുട്ടിക്കഥ) സ്വന്തമായി വായിക്കുവാനും ആശയം ഗ്രഹിക്കുവാനും അവ മറ്റുള്ളവരിലേക്ക് പങ്കുവയ്ക്കുവാനുമുള്ള കഴിവ് നേടുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ മനസ്സിലുള്ള ആശയങ്ങൾ ലഘുവാക്യങ്ങളുടെ രൂപത്തിൽ എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.

| | |
|---|---|
| അക്ഷര പരിചയം | എല്ലാ കുട്ടികൾക്കും വേണ്ടി അക്ഷരമാലയിലുള്ള അക്ഷരങ്ങൾ ഓരോ കാർഡുകളിലായി എഴുതുന്നു. അക്ഷര കാർഡ് പ്രദർശിപ്പിക്കുന്നതിലൂടെ കുട്ടികൾ ഓരോരുത്തർക്കും ഏതൊക്കെ അക്ഷരങ്ങൾ വായിക്കാൻ കഴിയുന്നുണ്ടെന്ന് അധ്യാപികയ്ക്ക് മനസ്സിലാക്കാൻ കഴിയും. അധ്യാപിക അക്ഷരക്കാർഡ് കമഴ്ത്തി വച്ച ശേഷം കുട്ടികളിൽ ഓരോരുത്തരായി അതിലൊന്ന് തെരഞ്ഞെടുക്കുന്നു. ശേഷം ഉച്ചത്തിൽ വായിക്കുന്നു. ഏതെങ്കിലും അക്ഷരം വായിക്കാൻ കഴിയാത്ത കുട്ടിക്ക് മറ്റൊരു കാർഡ് എടുക്കാനും വായിക്കാനും അവസരം നൽകുന്നു. ടീച്ചർ പ്രോത്സാഹന സമ്മാനം നൽകുന്നു. |
| അക്ഷരചിത്രം | മുൻപ്രവർത്തനത്തിൽ നിന്നും ഓരോ കുട്ടിക്കും പ്രയാസമുള്ള അക്ഷരങ്ങൾ മനസ്സി |

| | |
|---|---|
| | ലാക്കിയ അധ്യാപിക ആ അക്ഷരങ്ങൾക്ക് മുൻഗണന നൽകി അക്ഷരച്ചിത്രം ക്ലാസ്സിൽ വരപ്പിക്കുന്നു. ചിത്രങ്ങൾ അവയുടെ ഉച്ചാരണവുമായും ബന്ധപ്പെട്ടതായിരിക്കണം. ഉദ: 'ത' അക്ഷരം എങ്കിൽ തത്തയെ വരയ്ക്കുക. തത്തയുടെ ത എന്ന ആശയം കുട്ടിയിലെത്തും. ഇങ്ങനെ എല്ലാ അക്ഷരങ്ങളും ചിത്ര സഹായതതോടെ പരിചയപ്പെടുത്തുകയും അവരെ കൊണ്ട് വരപ്പിക്കുകയും ചെയ്യുന്നു. |
| നമുക്ക് കണ്ടെത്താം | കുട്ടികളെ രണ്ട് പേരടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു. ശേഷം ലഘുഖണ്ഡം (അധ്യാപിക എഴുതിയതോ പ്രിന്റോ) നൽകുക. ഒരു ബൗളിൽ അക്ഷരങ്ങൾ എഴുതി മടക്കി ഇടുക. ഓരോ ഗ്രൂപ്പും ഓരോ അക്ഷരം തെരഞ്ഞെടുക്കുന്നു. അവർക്ക് ലഭിച്ച അക്ഷരം ഏതെന്ന് തിരിച്ചറിയാൻ ഓരോ ഗ്രൂപ്പംഗത്തിനും കഴിഞ്ഞോ എന്നും പരിശോധിക്കണം. ഓരോരുത്തർക്കും ലഭിച്ച അക്ഷരം അവർക്ക് ലഭിച്ച ഖണ്ഡികയിൽ നിന്നും കണ്ടെത്തി അടിവരയിടാൻ നിർദ്ദേശം നൽകുന്നു. അവർ ചെയ്ത് വിലയിരുത്തേണ്ടത് മറ്റൊരു ഗ്രൂപ്പ് ആയിരിക്കണം. |
| ചേർത്ത് വയ്ക്കാം | ഒരു ചാർട്ടിൽ ഓരോ അക്ഷരവുമായി ബന്ധപ്പെട്ട ചിത്രം വരച്ചു നൽകുന്നു. ചെറിയ സ്ട്രിപ്പുകളിൽ എല്ലാ അക്ഷരങ്ങളും എഴുതി ക്ലാസ്സിൽ നൽകുന്നു. ചിത്രങ്ങൾക്കിടയിൽ താഴെ നൽകിയിരിക്കുന്നതുപോലെ വിടവുകളോടെ വാക്കുകൾ എഴുതുന്നു.  ............... ക്ഷി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26.

## ഗണിതം

**ലക്ഷ്യങ്ങൾ**

* എല്ലാ കുട്ടികളും ഒന്നു മുതൽ നൂറ് വരെയുള്ള എണ്ണൽസംഖ്യകളെ പരിചയപ്പെടുകയും, അവയുടെ മൂല്യ വ്യത്യാസങ്ങളെപ്പറ്റി ധാരണ നേടുകയും ചെയ്യുക.
* എല്ലാ കുട്ടികൾക്കും ഒരുഅക്ക സംഖ്യവരെയുള്ളവയുടെ ലളിതമായ ഗണിതക്രിയകൾ (സങ്കലനം, വ്യവകലനം)

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| സംഖ്യാ പാക്കറ്റ് | കുട്ടികൾക്ക് രണ്ട് പാക്കറ്റ് വീതം ഓരോ കുട്ടിയ്ക്കും നൽകുന്നു. ഇപ്രകാരം സംഖ്യ രേഖപ്പെടുത്തിയ പാക്കറ്റ് ആണ് നൽകുക. ഇതിനുള്ളിൽ അത്രയെണ്ണം മഞ്ചാടി / സ്ട്രിപ്പ് ഉണ്ടായിരിക്കണം. ഇതിലെ കേമന്മാരെന്ന് ആദ്യം ചോദിക്കുന്നു. ഉത്തരം പറയാൻ കഴിയുന്നില്ലെങ്കിൽ പാക്കറ്റിനുള്ളിലെ മഞ്ചാടി എണ്ണി അവർ ഉത്തരം കണ്ടെത്തുന്നു. 10 വരെയുള്ള സംഖ്യകൾ ഇങ്ങനെ ചെയ്ത ശേഷം 10 – 20. 20 – 30, 30 – 40 ഇങ്ങനെ പ്രവർത്തനം ആവർത്തിക്കാം. | |

| | | |
|---|---|---|
| മുത്തുകോർക്കാം | കുട്ടിയുടെ കയ്യിൽ 10 വീതം മുത്തുകൾ നൽകുന്നു. മുത്തുകൾ ചേർക്കുന്നതിനു നിർദ്ദേശം നൽകുന്നു.<br>ഉദ: മൂന്നും അഞ്ചും മുത്തുകൾ ചേർത്ത് മാല ഉണ്ടാക്കു.<br>മാല തയ്യാറാക്കിയ ശേഷം ആകെ എത്ര മുത്തെന്ന് എണ്ണി പറയുന്നു.<br>ഇങ്ങനെ പ്രവർത്തനം ആവർത്തിക്കാം. | |
| മുത്തുമാറ്റം | ചുവപ്പ്, വെള്ള എന്നീ വ്യത്യസ്ത നിറത്തിലുള്ള മുത്തുകൾ ഒരുമിച്ച് ആക്കി നൽകുന്നു. ഉദ: അഞ്ച് വെള്ള മുത്തും, മൂന്ന് ചുവപ്പും ചേർത്ത് കുട്ടിയുടെ കയ്യിൽ നൽകുക. ശേഷം വെള്ള മുത്ത് മാറ്റി ബാക്കിയെത്ര എന്ന് കണ്ടെത്താൻ പറയുന്നു. കുട്ടികൾ എണ്ണി പറയുന്നു. ഇത്തരത്തിൽ പ്രവർത്തനം ആവർത്തിക്കാം. | |
| എണ്ണാം എഴുതാം | കുട്ടികൾക്ക് പത്തുവരെ എണ്ണത്തക്കവിധത്തിൽ പൂക്കൾ, മഞ്ചാടിക്കുരു എന്നിവ സജ്ജമാക്കുക. ഓരോരുത്തർക്കും 10 വീതം പൂക്കൾ / മഞ്ചാടി നൽകുക, എണ്ണാൻ ആവശ്യപ്പെടുക. കുട്ടികൾ എണ്ണുന്നു. ഓരോരുത്തരും എണ്ണുന്നതിൽ നിന്ന് അവർക്ക് എത്രവരെ എണ്ണാം എന്നും ഇടയ്ക്ക് വിട്ടുപോകുന്ന അക്കങ്ങളും അധ്യാപിക മനസ്സിലാക്കി വയ്ക്കുക. ഓരോരുത്തരും എണ്ണിയിന്മേൽ അവരെ പ്രോത്സാഹിപ്പിക്കുക. | |
| കളിക്കാം പഠിക്കാം | ടീച്ചർ ഓരോ നമ്പർ കാർഡ് തയ്യാറാക്കി കുട്ടികൾക്ക് നൽകുന്നു. ശേഷം ട്രെയിൻ ബോഗി കളിക്കാൻ മുറ്റത്തെത്തിക്കുന്നു. 1 എന്ന നമ്പർ കാർഡ് | |

| | | |
|---|---|---|
| | ലഭിച്ചയാൾ മുന്നിൽ, 2 ലഭിച്ചയാൾ അതിനുപിന്നിൽ ഇങ്ങനെ നിൽക്കാനാവശ്യപ്പെടുന്നു. കുട്ടികൾ കളി തുടരുന്നു.<br>ആദ്യം 1 - 10, പിന്നീട് 10 - 20 നമ്പർ കാർഡ് ശേഷം 20 - 30 അങ്ങനെ 100 വരെ ഉപയോഗിച്ച് കളി തുടരാം. | |
| പാടാം പഠിക്കാം | ഐ.റ്റിയുടെ സഹായത്തോടെ ഒരുപാട്ട് കേൾപ്പിക്കുന്നു.<br>'ഒന്നും ഒന്നും രണ്ടാണ്<br>ആടിനു കൊമ്പുകൾ രണ്ടാണ്' തുടങ്ങി പാട്ട് കേൾക്കുകയും, ആസ്വദിക്കുകയും ചെയ്യുന്നു. | |
| | | |

# ACADEMIC MASTER PLAN

## 2025-26

## STD- 2

## ACADEMIC MASTER PLAN
## ENGLISH

Aim : To speak, Read, & write English without any mistakes

Time : June to march

| | | |
|---|---|---|
| PRETEST<br><br>Listening skills<br><br>Speaking skills | • To check the vocabulary and writing skills of pupils.<br>• To develop listening skills & reading skills<br>• Games, Action songs Hello English activities<br>• Conversations, skit stories<br>• Use ICT<br>• Identify the naming words from the picture.<br>• Identify the action words from the same pictures<br>• Make simple sentences using the action word - and naming words about the picture<br>• Make symbol description about the picture.<br>• Growing sentences , picture reading, - self introduction Assembly are also conducted<br>ACTIVITIES<br>• Speech, book review, quiz riddles, self introduction. School radio etc.. | June and July<br><br>August and September |

| | | |
|---|---|---|
| Reading skills | • Develop the creative speaking and writing<br>• News paper reading, library books reading, book review, reading breaking news, find words.<br>• Collect and read past tense, Rhyming words, Describing words etc..<br>• Textbook activities | |
| Writing skills | • Make word web<br>• Picture description with describing words<br>• Word chain sentence chain<br>• Make words,& sentences<br>• Make riddles, conversations<br>• Add more lines<br>**ACTIVITIES**<br>• Speech, book review, quiz riddles,self introduction.<br>• School radio, makes description magazines etc...<br>• To express thoughts feelings etc | October and November |
| Reading skill | • News paper reading, library books reading, book review, reading Conversations, skit stories use ICT materials | |

| | | |
|---|---|---|
| Writing skills<br><br><br><br><br><br>Reading skill<br><br><br><br><br>Writing skills<br><br><br><br><br>Reading skill | • Reads breaking news, develop story, Read notice<br>• Description, notice proclamation, Thought<br>**ACTIVITIES**<br>• Speech, quiz riddles, School radio, makes magazines, skits etc..<br>• Develop the creative speaking and writing<br>• To express thoughts feelings etc<br>• News paper reading, library books reading, book review, reading Conversations, skit stories use ICT materials<br>• Reads breaking news, develop story,<br>• Reads diary, Reads letters from friends<br>• Diary, letter, Announcement<br>**ACTIVITIES**<br>• Speech, quiz riddles, School radio, makes magazines, skits, class room post office etc<br>• To improve the presentation power<br>• News paper reading, library books reading, book review, reading Conversations, skit stories use ICT materials | December and January<br><br><br><br><br><br><br><br><br><br>February and march |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-2026

ക്ലാസ് 2

മലയാളം

| No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം)<br>സചിത്രപാഠം- പുസ്തകം | 1. പ്രിടെസ്റ്റ് (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൻ<br>13. സി.ഡിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | 2 മാസം<br>ആഗസ്റ്റ് - സെപ്തംബർ | പുസ്തകങ്ങൾ<br>സി.ഡി | ബി.ആർ.സി<br>DIET<br>SCERT<br>PTA |

| No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർതക്ക് പ്രത്യേകം ക്ലാസ് | | | BRC, IED Trainer, PTA |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം)<br><br>റീഡേഴ്സ് തീയറ്റർ | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മവായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ | 6 മാസം | ക്ലാസ്<br><br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br><br>ആനുകാലിക പ്രസിദ്ധീകര-ണങ്ങൾ<br>വായനാമുറി | BRC<br>DIET<br><br>ഗ്രന്ഥശാല<br>പി.റ്റി.എ |

| No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| | | 14. ആകാശവാണി ക്ലബ്ബ് | | | |
| | | 15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | | | ബി.ആർ.സി |
| | | 16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | |
| | | 17. ആസ്വാദകരമായ വായന | | | |
| | റീഡേഴ്സ് തിയേറ്റർ | 18. വായന സാമഗ്രികൾ വികസിപ്പിക്കൽ | | ഇന്റർനെറ്റ് | |
| | | 19. ഇ-വായന | | കമ്പ്യൂട്ടർ | |
| | | 20. പുസ്തകം ഒരുക്കൽ (യു.പി വായന) | | | |
| | | 21. വായനക്കൂട്ടം - മോണിറ്ററിംഗ് | | | |
| | | 22. കാവ്യക്കൂട്ടം | | | |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം | 6 മാസം | | |
| | | 2. പുസ്തക ചർച്ച | | | |
| | | 3. ക്ലാസ് ലൈബ്രറി | | ലൈബ്രറി | ബി.ആർ.സി |
| | | 4. വായനക്കുറിപ്പ് പതിപ്പ് | | | DIET |
| | | 5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം | | | |
| | | 6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | | | |

## MALAYALAM

### ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ചവായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും.
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക സാഹിത്യകാരന്മാരുമായുള്ള
- സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

## പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (പ്രി-ടെസ്റ്റ്)

   പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരേ കണ്ടെത്തി.

2. അക്ഷരം ഉറപ്പിക്കൽ (ഒരു മാസം)

   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ ഉറപ്പിക്കൽ

   സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്

   അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രുപീകരിക്കൽ

5. ചിത്രം - അടിക്കുറിപ്പ്

   ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. കഥ - ബാക്കി പറയൽ - എഴുതൽ

   ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്ന, എഴുതുന്നു

7. കഥാപുസ്തകം - നൽകൽ

   വായന, കുറിപ്പ് തയ്യാറാക്കൽ

8. സി.ഡി പ്രദർശനം

   ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം.

9. ഭിന്നശേഷിക്കാരേ പരിഗണിക്കൽ

   ഭിന്നശേഷിക്കാർക്കായി പ്രത്യേകം (പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | ചിത്രവായന<br>* ചിത്രകാർഡ് നിർമ്മാണം - ശില്പശാല (ചിത്രവും, പദങ്ങളും ഉൾക്കൊണ്ടത്)<br>* രക്ഷിതാക്കൾ, പ്രാദേശിക വിദഗ്ധർ എന്നിവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു.<br>* അവതരണം വായനയ്ക്കും ഭാഷണത്തിനുമുള്ള ക്ലാസ്തല അവസരങ്ങൾ.<br>* മേനി പറച്ചിൽ<br>* കഥ ഊഹിച്ചു പറയൽ<br>* റോൾ പ്ലേ<br>* കഥപൂർത്തിയാക്കൽ (പറയലും എഴുതലും)<br>* ചമഞ്ഞുകളി<br>* ലഘുനാടകങ്ങൾ<br>* പാവനാടകം<br>* ചിത്രവായന ട്രൈഔട്ട് - അവതരണം<br>* കാർഡുകളുടെ ഭാഷണത്തിനുള്ള സാധ്യത - രക്ഷിതാക്കളുടെ ഭാഷണത്തിനുള്ള വീട്ടിലെ അവസരങ്ങൾ | ജൂൺ ആദ്യ ആഴ്ച<br><br>ജൂലൈ ആദ്യവാരം മുതൽ |

| | | |
|---|---|---|
| | | |
| | * രക്ഷിതാവിന്റെ സഹായത്തോടെ ചെയ്യുന്നു (രക്ഷിതാക്കൾക്ക് നേരിട്ട് ഇടപെടാൻ കഴിയാത്ത കുട്ടികൾക്ക് അധ്യാപിക നേരിട്ട് പിന്തുണ നൽകുന്നു)<br>* ഭാഷണത്തിലും വായനയിലും കുട്ടി എത്തി നിൽക്കുന്ന തലം രക്ഷിതാക്കളെ ബോദ്ധ്യപ്പെടുത്തുന്നു.<br>* പങ്കാളിത്ത പാഠങ്ങൾ (ചിത്രം, വീഡിയോ എന്നിവ പ്രദർശിപ്പിച്ച് ചോദ്യങ്ങളിലൂടെ) തയ്യാറാക്കൽ | |
| രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക. | * ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>* രക്ഷിതാക്കളുടെ സഹായത്തോടെ രണ്ടാം ക്ലാസ്സിലെ കുട്ടികൾ അനുയോജ്യമായ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.<br>* കുട്ടികളുടെ പുസ്തക പരിചയം പരിപാടി.<br>* വായിച്ച കഥയെ ചിത്രകഥകളാക്കൽ<br>* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ<br>* പുസ്തകത്തിന്റെ ആസ്വാദ്യ വായന<br>* വീട്ടു ലൈബ്രറി എന്ന ആശയം സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂലൈ അവസാനവാരം മുതൽ |

| | | |
|---|---|---|
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗത മാഗസിനുകൾതയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | * വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളെ ചിത്രീകരിച്ച് - വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ<br>* കഥാപൂരണം - മിശ്രപഠനരീതിയുടെ സാധ്യത<br>* ഓഡിയോ ടെക്സ് ഗ്രൂപ്പിൽ നൽകി കഥയുടെ ബാക്കി ഭാഗം അവതരിപ്പിക്കുന്നു.<br>* പങ്കാളിത്ത പാഠങ്ങൾ<br>* ചിത്രവിവരണം | ഓഗസ്റ്റ് 2022 |
| കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക. | * പാട്ടരങ്ങ്<br>* പ്രകൃതി നടത്തം - യാത്രാവിവരണം ഭാഷണം - ലേഖനം<br>* വായിച്ച പുസ്തകങ്ങളിലെ ആശയം ഇഷ്ടമുള്ള രീതിയിൽ രംഗാവിഷ്കാരം നടത്തൽ. | ജൂലൈ<br><br>സെപ്തംബർ |
| | ഗണിതം | |
| രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക. | * പി.ടി.എ അംഗങ്ങളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കുമുള്ള ഗണിതക്കിറ്റ് ഉറപ്പാക്കുന്നു. (വീട്ടിലും സ്കൂളിലും) ഉല്ലാസ ഗണിതത്തിലെ (സ്റ്റാന്റേർഡ് 1, 2) പഠനസാമഗ്രികൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തി സമാന സാധ്യതകൾ ഗണിതക്കിറ്റിലേക്ക് തയ്യാറാക്കുന്നു. | ജൂൺ രണ്ടാം ആഴ്ച |

| | | |
|---|---|---|
| | | |
| | * ട്രൈ ഔട്ട് ശില്പശാല നടത്തുന്നു. ഗണിത കിറ്റിലെ പഠനോപകരണങ്ങൾ (ഗയിംബോർഡ്, സംഖ്യാകാർഡ്, ചിറതകാർഡ്, ടോക്കൺ, മഞ്ചാടി, കമ്പകെട്ട്) എന്നിവ ഗണിതാകയ രൂപീകരണത്തിന് അധ്യാപിക ക്ലാസിൽ ചെയ്തത് വീഡിയോ ആക്കി രക്ഷിതാക്കളുടെ ഗ്രൂപ്പിൽ ഇടുന്നു.<br>* സമാനപ്രവർത്തനങ്ങൾ രക്ഷിതാക്കൾ കുട്ടികളെ ഉപയോഗിച്ച് ചെയ്യുന്നു. | |

# ACADEMIC MASTER PLAN

## 2025-26

## STD: 3

## ACADEMIC MASTER PLAN

2 2025-26

**English**

Learning out comes : 1

Describes the pictures

| Sl. No. | Month | Activities |
|---|---|---|
| 1 | June to August | Picture Description<br>• The teacher shows a picture.<br>• Discussion<br>• The children talk about the picture.<br>• Slow learners :- Gives opportunity to express their idea in Malayalam. |

Learning out comes : 2

Describes the pictures

| Sl. No. | Month | Activities |
|---|---|---|
| 1 | July to March | Dictionary<br>• Introducing the dictionary<br>• Gives words.<br>• Arranging words in alphabetical order. |

Learning out comes : 3

Add more exchanges to the conversation suitable to the context

| Sl. No. | Month | Activities |
|---|---|---|
| 1 | July to March | Conversation<br>• Reading the conversation<br>• Conversation is acting with friends<br>• Adds more exchanges to the conversation.<br>• Slow learners :- Gives opportunity to express their Idea in Malayalam. |

Learning out comes : 4

Identifies rhyming words from the poem

| Sl. No. | Month | Activities |
|---|---|---|
| 1 | July to March | Rhyming words<br>• Plays the audio of song.<br>• Let the learner sing after the audio<br>• Discussion<br>• Identifies rhyming words |

Learning out comes : 5

Add lines to a poem following a set Pattern.

| Sl. No. | Month | Activities |
|---|---|---|
| 1 | July to December | Add Morelines<br>• Plays the audio of song<br>• Let the learner sing after the audio<br>• Add lines to the poem. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 26

## ഗണിതം

ലക്ഷ്യം: 1

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>• സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം.<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ - സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. |

ലക്ഷ്യം: 2

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>• കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |
| 2 | 2 ആഴ്ച്ച | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - സെപ്റ്റംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

ലക്ഷ്യം: 3

**മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.**

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ | സമയ ചക്രം<br>• ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.(am / pm)<br>• സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു |
| 1 | സെപ്റ്റംബർ - ഫെബ്രുവരി | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>• കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവസ്റ്റ് വില നൽകി കട ക്രമീകരിക്കുന്നു.<br>• ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>• ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>• കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>• സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>• ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>• പ്രയാസങ്ങൾ ഗ്രൂപ്പിൽ / അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. |

ലക്ഷ്യം: 4

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>• അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 3 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡികണ്ടെത്താം<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. |
| 1 | ജൂലൈ - മാർച്ച് | സംഖ്യാ ചക്രം<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

202 - 2

## പരിസരപഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും |
| 2 | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |

| | | |
|---|---|---|
| 3 | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ |
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ. |
| 5 | മാർച്ച് - മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

ലക്ഷ്യം : 2

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ - മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ - ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ _ മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. |

## ലക്ഷ്യം : 3
## ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി-മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc) |
| 2 | ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി-മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം |

# ACADEMIC MASTER PLAN

## 2025-26

## STD. 4

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്പഷ്ടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | വായിക്കാം, എഴുതാം , വായിക്കാം. | ❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>❖ നിശബ്ദ വായന.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ നിശബ്ദ വായന.<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | വായിക്കാം, എഴുതാം , വായിക്കാം.<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ആശയം പറയാം | ❖ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന.<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ.<br>❖ ആവശ്യമെങ്കിൽ ആവർത്തനവായന.<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ |
| | ആശയം പറയാം<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |

| | | | |
|---|---|---|---|
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ -ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ -ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>❖ വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ - ഒക്ടോബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ❖ കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>❖ കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |

| | | | |
|---|---|---|---|
| | കഥ കാണാം, എഴുതാം<br>തുടർപ്രവർത്തനം | ❖ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>❖ ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>❖ വിവരണം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| | എന്തെല്ലാം കാഴ്ചകൾ | ❖ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് കുറിപ്പെഴുതാൻ അവസരം.<br>❖ എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം<br>പാടി അവതരിപ്പിക്കാം | ❖ കവിത പൂർത്തിയാക്കാൻ അവസരം.<br>❖ കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>❖ കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br>eg :<br>വീട്ടുപുസ്തകം പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വാർത്തയെന്തുണ്ട്?<br>നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ<br>വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വാർത്തയെന്തുണ്ട്?"<br>മാമ്പൂവട്ടിൽ മാങ്ങവീണ വാർത്തയുണ്ടല്ലോ | ജൂൺ - സെപ്റ്റംബർ |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നറുക്കെടുക്കാം | ❖ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു<br>❖ കിട്ടിയ സംഖ്യ വായിക്കാം<br>❖ മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | ❖ സംഖ്യ നറുക്ക് എടുക്കുന്നു.<br>❖ കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | ❖ വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ-സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | ❖ വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br>❖ ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂൺ - ഓഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ❖ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>❖ കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ |
| | സംഖ്യാസൂര്യൻ | ❖ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>❖ ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കാം | ❖ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>❖ അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | ജൂൺ - സെപ്റ്റംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട / കച്ചവട കണക്ക് | ❖ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ,വെള്ളം, അരി etc ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>❖ ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>❖ ആവശ്യമുള്ളവ അളന്നെടുക്കുന്നു. | |

| | | | |
|---|---|---|---|
| | | ❖ കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു.<br>❖ കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ.<br>❖ സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>❖ ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>❖ പ്രയാസങ്ങൾ ഗ്രൂപ്പിൽ/അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| | സമയചക്രം | ❖ ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു. (am &pm )<br>❖ സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. | ജൂലൈ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യ ചക്രം | ❖ സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>❖ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ – മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം | ❖ അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>❖ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ ക്രിയ ചെയ്യാം.<br>❖ ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ – ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | ❖ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>❖ കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി, ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് – ഫെബ്രുവരി |

# ENGLISH

| LEARNIGOUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>Slow learners.<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |

# പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ❖ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>❖ പ്രത്യേകതകൾ മനസ്സിലാക്കാം<br>❖ വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>❖ ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>❖ നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം.<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>❖ തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | ❖ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>❖ വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം | ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ<br>❖ നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമാണം | ❖ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>❖ പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | ❖ പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് – മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ | ❖ ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>❖ കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നല്കുന്നു. | ജൂൺ - മാർച്ച് |
| | നംബർ വൺ | ❖ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>❖ വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ – മാർച്ച് |

| | | | |
|---|---|---|---|
| | പരിസര നടത്തം | ❖ നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>❖ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>❖ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| | നല്ല ശീലം | ❖ പോസ്റ്ററുകൾ തയ്യാറാക്കാം<br>❖ പരിസരങ്ങളിൽ പതിക്കാം | ജൂലൈ – മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | ❖ നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട്, etc ) | ജനുവരി – മാർച്ച് |
| | പരീക്ഷണങ്ങൾ | ❖ ശാസ്ത്ര കൌതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | ❖ ക്യാമ്പ്<br>❖ മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ - ഫെബ്രുവരി |
| | പക്ഷി നിരീക്ഷണം | ❖ ക്യാമ്പ്<br>❖ പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി – മാർച്ച് |

# ACDEMIC MASTER PLAN

# 2022

# ARABIC

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി ( اللغة العربية )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കുവാനും എഴുതാനുമുള്ള കഴിവ് ആർജ്ജിക്കൽ. | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടുവരും. നേരത്തെ തയ്യാറാക്കിയ الدَّلِيل 'അദ്ദലീൽ' അറബി അക്ഷര പഠനസഹായി ഇതിനായി ഉപയോഗിക്കും. കൂടാതെ അക്ഷര കാർഡുകൾ ഐ.സി.ടി ഉപയോഗിച്ചുള്ള വിവിധ ഗയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. | അധ്യയന വർഷാരംഭത്തിലെ മൂന്ന് മാസം | പുസ്തകങ്ങൾ കാർഡുകൾ | S.R.G S.M.C |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക. | പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്കും, പദങ്ങൾക്കും പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും, മാത്സര്യ ബോധത്തോടെ കുട്ടികൾ പങ്കാളികളാവുകയും ചെയ്യുന്നു. കൂടുതൽ പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കഥാ കവിതാ പുസ്തകങ്ങൾ | S.R.G S.M.C |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക. | പാഠപുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങളും ലഭ്യമാകുന്ന മറ്റു പുസ്തുകങ്ങളും | S.R.G S.M.C |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ ആഭിമുഖ്യം, വായനാ താൽപര്യം, പൊതുവിജ്ഞാനം തുടങ്ങിയ വർദ്ധിപ്പിക്കൽ | വായനാ മത്സരം സംഘടിപ്പിക്കുന്നു. പൊതുവിജ്ഞാനം അറബിഭാഷാ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമായുള്ള ലളിതമായ ചോദ്യങ്ങളുൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കും. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുന്ന മാതൃകാ ചോദ്യങ്ങൾ | S.R.G S.M.C |
| അറബിഭാഷാ വിനിമയശേഷി വർദ്ധിപ്പിക്കൽ | അറബി കലോത്സവങ്ങളിലെ അറബി ഭാഷയുമായി ബന്ധപ്പെട്ട മത്സരങ്ങൾക്കുള്ള പരിശീലനം, പദപ്പയറ്റ്, പദകേളി, അറബി പ്രസംഗം തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം. | ജൂൺ മുതൽ മാർച്ച് വരെ | മാതൃകാ മത്സരങ്ങൾ രൂപപ്പെടുത്തി പ്രസിദ്ധീകരിക്കും | S.R.G S.M.C |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ, കുട്ടികളുടെ സർഗാത്മകതകൾ വർദ്ധിപ്പിക്കൽ. | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും, തത്സംബന്ധമായ ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും. പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകും. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചാർട്ടുകളുടെയും പ്ലക്കാർഡുകളുടെയും നിർമ്മാണം | S.R.G S.M.C |
| അറബിഭാഷാ പഠനത്തിൽ ഐ.ടി സാദ്ധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം കുറിക്കൽ. | അറബിക് ലേണിങ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, അറബിയിലുള്ള ബാലസാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം, കമ്പ്യൂട്ടറിൽ അറബിക് ടൈപ്പിംഗിനായി കീബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തും. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂളിലെ ഐ.ടി സൗകര്യം, ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തും | S.R.G S.M.C |